REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-11-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാമണ്ഡലത്തിൽ UDF സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി വൻ ഭൂരിപക്ഷത്തിലേക്ക്.
- പാലക്കാട് നിയമസഭാ മണ്ഡലത്തിൽ രാഹുൽ മാങ്കൂട്ടത്തിലും, ചേലക്കരയിൽ UR പ്രദീപും വിജയം ഉറപ്പാക്കി.
- മഹാരാഷ്ട്രയിൽ BJP നേതൃത്വം നൽകുന്ന മഹായുതി സഖ്യം വീണ്ടും അധികാരത്തിലേക്ക്.
- ജാർഖണ്ഡിൽ കേവല ഭൂരിപക്ഷം കടന്ന് ഇന്ത്യാ ബ്ലോക്കിന്റെ മുന്നേറ്റം.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് നാളെ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും.
- മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമര സമിതി നേതാക്കളുമായി വൈകിട്ട് ചർച്ച നടത്തും.
- ബോർഡർ ഗാവസ്കർ ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിവസം രണ്ടാം ഇന്നിംഗ്സിൽ വിക്കറ്റൊന്നും നഷ്ടപ്പെടാതെ ഇന്ത്യ 82 റൺസ് എടുത്തു.

## വാർത്തകൾ വിശദമായി

**ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാമണ്ഡലത്തിൽ UDF സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി വൻ ഭൂരിപക്ഷത്തിലേക്ക്. മൂന്ന് ലക്ഷത്തിലേറെ വോട്ടുകൾക്കാണ് അവർ മുന്നിട്ടു നിൽക്കുന്നത്. LDF ലെ സത്യൻ മൊകേരിയേക്കാൾ മൂന്ന് ലക്ഷത്തി 9,690 വോട്ടിനാണ് പ്രിയങ്ക ലീഡ് ചെയ്യുന്നത്. പ്രിയങ്കാ ഗാന്ധിക്ക് നാല് ലക്ഷത്തി 68,148 വോട്ടുകളും, സത്യൻ മൊകേരിയ്ക്ക് ഒരു ലക്ഷത്തി 58,458 വോട്ട് ലഭിച്ചു. NDA യിലെ നവ്യാ ഹരിദാസിന് 85,630 വോട്ടാണ് ലഭിച്ചത്.**

**വയനാട് പ്രതിനിധി അരുൺ വിൻസെന്റിന്റെ റിപ്പോർട്ട്.**

**.......(വോയ്സ്)...............**

**✪✪✪**

**കേരളത്തിലെ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ LDF ഉം UDF ഉം ഓരോ സീറ്റുകളിൽ മുന്നേറുന്നു.**

**കടുത്ത ത്രികോണ മത്സരം നടന്ന പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിൽ വിജയം ഉറപ്പാക്കി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ NDA യിലെ C കൃഷ്ണകുമാറിനേക്കാൾ പതിനായിരത്തിലേറെ വോട്ടിന് മുന്നിലാണ് UDF സ്ഥാനാർത്ഥി. 14 റൗണ്ടുകളിൽ ഒമ്പതു റൗണ്ട് പൂർത്തിയായപ്പോൾ UDF ലെ രാഹുൽ മാങ്കൂട്ടത്തിലിന് 40,126 ഉം, BJP യിലെ C കൃഷ്ണകുമാറിന് 29,887 ഉം വോട്ടുകൾ ലഭിച്ചു. LDF കക്ഷിരഹിതൻ ഡോ. P സരിന് 20,685 വോട്ടാണ് ലഭിച്ചത്.**

**പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.**

**....(വോയ്സ്).....**

**✪✪✪**

**ചേലക്കരയിൽ LDF ലെ UR പ്രദീപ് 11,000 ത്തിൽപ്പരം വോട്ടുകൾക്ക് മുന്നിലാണ്. LDF ന്റെ സിറ്റിംഗ് സീറ്റായ ചേലക്കര ഉറപ്പിച്ച വിജയാഹ്ലാദത്തിലാണ് ഇടതു മുന്നണി പ്രവർത്തകർ. വോട്ടെണ്ണൽ അവസാന റൗണ്ടുകളിലേക്ക് കടന്നതോടെ UR പ്രദീപിന് 55,574 ഉം തൊട്ടടുത്ത എതിർ സ്ഥാനാർത്ഥി UDF ലെ രമ്യാ ഹരിദാസിന് 44,212 ഉം വോട്ടു ലഭിച്ചു. NDA യിലെ K ബാലകൃഷ്ണന് 28,666 വോട്ടാണ് ലഭിച്ചത്. PV അൻവറിന്റെ DMK യിലെ കക്ഷിരഹിത സ്ഥാനാർത്ഥി സുധീർ NK യ്ക്ക് 3,297 വോട്ടാണ് ലഭിച്ചത്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ പ്രതിനിധി ഭരിതാ പ്രതാപ്.**

**.......(വോയ്സ്).....**

**✪✪✪**

**പാലക്കാട്ട് UDF കുതിച്ച് മുന്നേറുമെന്ന് KPCC പ്രസിഡണ്ട് K സുധാകരൻ തിരഞ്ഞെടുപ്പ് പ്രവണത വിലയിരുത്തിയ ശേഷം അഭിപ്രായപ്പെട്ടു. പാലക്കാട്**

നഗരമേഖലയിൽ BJP യുടെ അടിവേരിളക്കിയതായി സന്ദീപ് വാര്യരും വിലയിരുത്തി.

✪✪✪

LDF ന്റെ കുപ്രചാരണങ്ങളെ അതിജീവിച്ചതിന് തെളിവാണ് വയനാട്ടിൽ പ്രിയങ്കാഗാന്ധിയുടെ ലീഡ് നിലയെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു. പാലക്കാട്ടെ ലീഡ് നിലയും അതാണ് കാണിക്കുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ചേലക്കരയിലെ മുന്നേറ്റം ഇടതു ഗവൺമെന്റിന്റെ ജനപിന്തുണ വ്യക്തമാക്കുന്നതാണെന്ന് K രാധാകൃഷ്ണൻ MP അഭിപ്രായപ്പെട്ടു. ഭരണവിരുദ്ധ വികാരമില്ലെന്നും കള്ളപ്രചാരണങ്ങൾ വെറുതെയായെന്നും അദ്ദേഹം ചെറുതുരുത്തിയിൽ പറഞ്ഞു. ജനം LDF നെ കൈവിട്ടിട്ടില്ലെന്ന് വ്യക്തമാക്കുന്നതാണ് മുന്നേറ്റമെന്ന് LDF സ്ഥാനാർത്ഥി UR പ്രദീപും പറഞ്ഞു.

ഗവൺമെന്റിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെ ജനങ്ങൾ അംഗീകരിക്കുന്നു എന്നാണ് ചേലക്കരയിലെ മുന്നേറ്റം കാണിക്കുന്നതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് വിലയിരുത്തി.

✪✪✪

പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിലിന്റെ ഭൂരിപക്ഷം UDF ന്റെ തിളക്കമാർന്ന പ്രവർത്തനഫലമാണെന്ന് മുതിർന്ന കോൺഗ്രസ്സ് നേതാവ് കെ മുരളീധരൻ പറഞ്ഞു. UDF ന്റെ A ഗ്രേഡ് സീറ്റാണ് പാലക്കാട്ടെതെന്നും മുരളീധരൻ മാധ്യമങ്ങളോട് വ്യക്തമാക്കി.എന്നാൽ ചേലക്കരയിൽ ഭരണ വിരുദ്ധ വികാരം വോട്ടായി മാറ്റാൻ കഴിഞ്ഞില്ലെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പു നടന്ന മഹാരാഷ്ട്രയിൽ BJP നേതൃത്വം നൽകുന്ന മഹായുതി സഖ്യം വീണ്ടും അധികാരത്തിലേക്ക്. 288 അംഗ നിയമസഭയിൽ സഖ്യം 220 സീറ്റുകളിലാണ് ലീഡ് ചെയ്യുന്നത്. ഇന്ത്യാ ബ്ലോക്കിന് 55 സീറ്റുകളിലാണ് മുന്നേറ്റം.

BJP 124 സീറ്റുകളിലാണ് ലീഡ് ചെയ്യുന്നത്. സഖ്യകക്ഷികളായ ശിവസേന 56 ഉം, NCP 37 ഉം സീറ്റുകളിൽ ലീഡ് ചെയ്യുന്നു.

മഹാവികാസ് ആഘാഡി സഖ്യത്തിൽ കോൺഗ്രസും ശിവസേന ഉദ്ധവ് താക്കറെ വിഭാഗവും 19 സീറ്റുകളിൽ വീതമാണ് മുന്നേറുന്നത്. NCP ശരത്പവാർ വിഭാഗം 14 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു. CPIM ഉം AI MIM ഉം സമാജ് വാദി പാർട്ടിയും രണ്ട് സീറ്റുകളിൽ വീതം മുന്നിലാണ്.

✪✪✪

ജാർഖണ്ഡിൽ കേവലഭൂരിപക്ഷം കടന്ന് ഇന്ത്യാ ബ്ലോക്കിന്റെ മുന്നേറ്റം. 81 മണ്ഡലങ്ങളിലെയും ഫലസൂചനകൾ അറിവായപ്പോൾ ജാർഖണ്ഡ് മുക്തിമോർച്ച 28 ഉം, കോൺഗ്രസ് 15 ഉം RJD അഞ്ചും മണ്ഡലങ്ങളിലാണ് ലീഡ് ചെയ്യുന്നത്.

BJP 27 സീറ്റുകളിൽ ലീഡു ചെയ്യുന്നു. CPIM L രണ്ടും, JDU ഒന്നും സീറ്റുകളിൽ മുന്നിലാണ്.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടന്ന 48 നിയമസഭാ മണ്ഡലങ്ങളിൽ BJP 16 ഉം കോൺഗ്രസ് ഒൻപത് മണ്ഡലങ്ങളിലും മുന്നേറുന്നു.

ലോക്സഭയിലേക്ക് ഉപതിരഞ്ഞെടുപ്പ് നടന്ന രണ്ട് മണ്ഡലങ്ങളിൽ വയനാട്ടിൽ പ്രിയങ്കാഗാന്ധിയും, മഹാരാഷ്ട്രയിലെ നന്ദേഡിൽ BJP സ്ഥാനാർത്ഥിയും ലീഡ് ചെയ്യുന്നു.

ഉത്തർപ്രദേശിൽ ഉപതിരഞ്ഞെടുപ്പ് നടന്ന ഒൻപത് മണ്ഡലങ്ങളിൽ ആറിടത്താണ് BJP മുന്നേറുന്നത്. മൂന്ന് മണ്ഡലങ്ങളിൽ ഇന്ത്യാ ബ്ലോക്കിന്റെ ഭാഗമായ സമാജ് വാദി പാർട്ടിയാണ് മുന്നിൽ.

പശ്ചിമബംഗാളിലെ ആറ് മണ്ഡലങ്ങളിലും തൃണമൂൽ കോൺഗ്രസാണ് ലീഡ് ചെയ്യുന്നത്.

അസമിൽ ഉപതിരഞ്ഞെടുപ്പ് നടന്ന അഞ്ച് മണ്ഡലങ്ങളിൽ BJP രണ്ടിടത്തും, കോൺഗ്രസ് ഒരിടത്തും, യുണൈറ്റഡ് പീപ്പിൾസ് പാർട്ടി, AGP ഓരോ മണ്ഡലത്തിലും ലീഡ് ചെയ്യുന്നു.

ബിഹാറിൽ ഉപതിരഞ്ഞെടുപ്പ് നടന്ന നാല് മണ്ഡലങ്ങളിൽ രണ്ടിടത്ത് BJP യാണ് മുന്നിൽ. JDU ഒരിടത്ത് ലീഡ് ചെയ്യുന്നു.

ഛത്തീസ്ഗഢിലെ ഏക മണ്ഡലത്തിൽ BJP ലീഡ് ചെയ്യുന്നു.

കർണാടകയിൽ മൂന്ന് നിയമസഭാ മണ്ഡലങ്ങളിലും കോൺഗ്രസാണ് ലീഡ് ചെയ്യുന്നത്.

മധ്യപ്രദേശിൽ രണ്ട് മണ്ഡലങ്ങളിലും BJP യാണ് മുന്നിൽ. പഞ്ചാബിലെ നാല് മണ്ഡലങ്ങളിൽ മൂന്നിടത്ത് ആം ആദ്മി പാർട്ടിയും ഒരു മണ്ഡലത്തിൽ കോൺഗ്രസും ലീഡ് ചെയ്യുന്നു.

രാജസ്ഥാനിൽ ആറ് മണ്ഡലങ്ങളിൽ BJPയും കോൺഗ്രസും രണ്ട് മണ്ഡലങ്ങളിൽ വീതമാണ് മുന്നിട്ടു നിൽക്കുന്നത്.

✪✪✪

മഹാരാഷ്ട്രയിൽ BJP മികച്ച പ്രകടനം കാഴ്ചവെച്ചതായി പാർട്ടി വക്താവ് സയിദ് സഫർ ഇസ്ലാം  വിലയിരുത്തി. അതേസമയം ജാർഖണ്ഡിന്റെ ഫലസൂചന ഇനിയും വ്യക്തമായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

മഹാരാഷ്ട്രയിലെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രവണത പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ലെന്ന് കോൺഗ്രസ് വക്താവ് സുപ്രിയ ശ്രീനേറ്റ് പറഞ്ഞു. ജാർഖണ്ഡിൽ ഇന്ത്യാസഖ്യം മികച്ച മുന്നേറ്റം കാഴ്ചവെച്ചെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

"ഇന്ത്യയെ അറിയുക" എന്ന വിഷയത്തിൽ നടത്തുന്ന ക്വിസിൽ പങ്കെടുക്കണമെന്ന് ഇന്ത്യൻ പ്രവാസികളോടും വിദേശീയരോടും പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടു. ഇന്ത്യയുമായ ബന്ധത്തെ ക്വിസ് ആഴത്തിലാക്കുമെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ സമ്പന്നമായ പൈതൃകവും ഊർജസ്വലമായ സംസ്കാരവും വീണ്ടും കണ്ടെത്താനുള്ള അത്ഭുതകരമായ മാർഗമാണിതെന്നും നരേന്ദ്ര മോദി പറഞ്ഞു.

ക്വിസ് വിജയികൾക്ക് ഇന്ത്യയിലെ അത്ഭുതങ്ങൾ അനുഭവിച്ചറിയുന്നതിന് അവസരം ലഭിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണിയിലെ പ്രതിമാസ മൻ കീ ബാത്ത് നാളെ രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 116-ാം പതിപ്പാണിത്. ആകാശവാണി-ദൂരദർശൻ ശൃംഖലയിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും യുട്യൂബിലും മൻ കീ ബാത്ത് ലഭ്യമാണ്.

✪✪✪

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമര സമിതി നേതാക്കളുമായി വൈകിട്ട് ചർച്ച നടത്തും. പ്രശ്ന പരിഹാരത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ ഉന്നതതല യോഗം ചേർന്നിരുന്നു. യോഗത്തിലെടുത്ത തീരുമാനങ്ങൾ മുഖ്യമന്ത്രി വിശദീകരിക്കും.

നിയമപരമായ വിഷയങ്ങളിൽ ശാശ്വത പരിഹാരം കാണുന്നതിന് ഹൈക്കോടതി മുൻ ആക്ടിംങ് ചീഫ് ജസ്റ്റിസ് CN രാമചന്ദ്രൻനായരുടെ നേതൃത്വത്തിൽ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ ഇന്നലെ ഉന്നതതല യോഗം തീരുമാനിച്ചിരുന്നു.

✪✪✪

മുനമ്പം ഭൂമിയിലെ വഖഫ് അധിനിവേശ വിഷയത്തിൽ ജുഡീഷ്യൽ കമ്മിഷനെ നിയമിച്ച തീരുമാനം സമരസമിതി അംഗീകരിക്കില്ലെന്ന് BJP

സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ അറിയിച്ചു. മുനമ്പത്തും ചെല്ലാനത്തും വഖഫ് നോട്ടീസ് നൽകിയ ഇടങ്ങളിലെല്ലാം ജാഗ്രതാ സമിതി രൂപീകരിക്കുമെന്നും വരും ദിവസങ്ങളിൽ സമരം ശക്തമാക്കുമെന്നും സുരേന്ദ്രൻ കോഴിക്കോട്ട് വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയിലേക്ക് സംസ്ഥാന ഗവൺമെന്റ് 16 അംഗങ്ങളെ നാമനിർദേശം ചെയ്തു. MP മാരിൽ നിന്ന് PV അബ്ദുൾ വഹാബ്, MLA മാരിൽ നിന്ന PTA റഹീം, മുഹമ്മദ് മുഹസിൻ എന്നിവർ പട്ടികയിലുണ്ട്.

✪✪✪

സർവകലാശാല തലത്തിൽ പരീക്ഷാ ഫീസ് വർദ്ധന സംബന്ധിച്ച നിർദേശങ്ങൾ തയ്യാറാക്കി ഒരാഴ്ചക്കകം മന്ത്രിക്ക് സമർപ്പിക്കാൻ ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന വൈസ് ചാൻസലറുമാരുടേയും രജിസ്ട്രാർമാരുടേയും പരീക്ഷാ കൺട്രോളർമാരുടേയും യോഗത്തിൽ ധാരണയായി. തീരുമാനം പരിശോധിച്ച ശേഷം വിദ്യാർത്ഥി സംഘടനകളെ കൂടി വിളിച്ച് കൂടിയാലോചനയ്ക്ക് ശേഷം ഫീസ് വർദ്ധനയിൽ തീരുമാനമെടുക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

✪✪✪

പെർത്തിൽ ബോർഡർ ഗാവസ്കർ ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്ക് 46 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഏഴ് വിക്കറ്റിന് 67 റൺസെന്ന നിലയിൽ രണ്ടാം ദിവസത്തെ കളി ആരംഭിച്ച ഓസ്ട്രേലിയ 104 റൺസെടുത്ത് പുറത്തായി.

ഇന്ത്യ രണ്ടാം ഇന്നിഗ്സിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വിക്കറ്റൊന്നും നഷ്ടപെടാതെ 82 റൺസെടുത്തു.

✪✪✪

ഐ ലീഗ് സീസണിലെ അടുത്ത മത്സരത്തിൽ ഗോകുലം, റിയൽ കശ്മീർ FCയെ നേരിടും. 29 നു ഉച്ചയ്ക്ക് കശ്മീരിലെ TRC ടർഫിലാണ് മത്സരം .

ആദ്യ മത്സരത്തിൽ ഇന്നലെ ഗോകുലം കേരള FC ഡെക്കാനെ രണ്ടിന് എതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചിരുന്നു.

✪✪✪

അർമേനിയയിലെ യെരേവാനിൽ, ലോക മിലിട്ടറി ഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 76 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ റീതിക ഹൂഡ സ്വർണം നേടി. ഈ നേട്ടം കൈവരിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതയാണ് അവർ.

വനിതകളുടെ 68 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ പ്രിയങ്ക വെങ്കലവും നേടി.

✪✪✪

കണ്ണൂർ  ജില്ല ഫുട്ബോൾ തേർഡ് ഡിവിഷൻ വനിതാ ലീഗ് ഫുട്ബോളിൽ ഇന്ന് ആദ്യ മത്സരത്തിൽ കണ്ണൂർ വിമൻസ് FC മലബാർ വിമൻസ് സോക്കർ അക്കാദമിയെ നേരിടും. രണ്ടാം മത്സരത്തിൽ RGS വിമൻസ് FC മലബാർ സിറ്റി FCയുമായും മത്സരിക്കും.

✪✪✪

വൈക്കത്തഷ്ടമി  ആഘോഷങ്ങൾ പുരോഗമിക്കുന്നു. വൈക്കം മഹാദേവ ക്ഷേത്രത്തിൽ പുലർച്ചെ നാലരയോടെ അഷ്ടമി ദർശനത്തിന് തുടക്കമായി. അഷ്ടമി ദർശനത്തിന് വൻ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്. അഷ്ടമി പ്രാതൽ രാവിലെ പത്തുമണിക്ക് ആരംഭിച്ചു.

രാത്രി പതിനൊന്നിന് ഉദയനാപുരത്തന്റെ വരവാണ് അഷ്ടമി ദിനത്തിലെ മറ്റൊരു പ്രധാന ചടങ്ങ്. നാളെ പുലർച്ചെ രണ്ടിന് അഷ്ടമി വിളക്കും വലിയ കാണിക്കയും നടക്കും. നാലു മണിക്ക് ഉദയനാപുരത്തപ്പനെ ഉപചാരങ്ങളോടെ യാത്രയയക്കും. വൈകിട്ട് അഞ്ചിന് ആറാട്ട് എഴുന്നള്ളിപ്പ്. തിങ്കളാഴ്ച മുക്കുടി നിവേദ്യത്തോടെ അഷ്ടമി ഉൽസവത്തിന് കൊടിയിറങ്ങും.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. 656 പോയിന്റുമായി സിറ്റി ഉപജില്ല മുന്നേറ്റം തുടരുകയാണ്. 630 പോയിന്റുമായി ചേവായൂരാണ് രണ്ടാം സ്ഥാനത്ത്. വൈകീട്ട്  സമാപന സമ്മേളനം MK മുനീർ MLA  ഉദ്ഘാടനം ചെയ്യും.

✪✪✪

പയ്യന്നൂരിൽ  കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. വൈകിട്ട് സമാപന സമ്മേളനം നിയമസഭാ സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഭൂമിക്കടിയിൽനിന്ന് തുടർച്ചയായി ശബ്ദവും പ്രകമ്പനവും ഉണ്ടായ നിലമ്പൂർ പോത്തുകൽ പഞ്ചായത്തിലെ ഉപ്പട ആനക്കല്ല് പ്രദേശത്ത് ഭയപ്പെടേണ്ട സാഹചര്യമില്ലെന്ന് സെന്റർ ഫോർ എർത്ത് സയൻസ് ശാസ്ത്രജ്ഞർ അറിയിച്ചു. കേരളത്തിൽ പലയിടങ്ങളിലും ഇത്തരം സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അടുത്ത രണ്ടോ മൂന്നോ മാസം പ്രദേശത്ത് സൂക്ഷ്മ നിരീക്ഷണം ഉണ്ടാകുമെന്നും അവർ അറിയിച്ചു.

✪✪✪

ഇന്ത്യൻ ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ ഭരണകൂടം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന കോൺക്വസ്റ്റ് ഭരണഘടന ക്വിസിന്റെ പ്രാഥമിക മത്സരം നവംബർ 25 ലേക്ക് മാറ്റി.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 ടീമുകൾക്കാണ് പ്രവേശനം.

✪✪✪

അയ്യപ്പഭക്തരുടെ തിരക്ക് പരിഗണിച്ച് ശ്രീകാകുളം റോഡിനും കൊല്ലത്തിനുമിടയിൽ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ഈസ്റ്റ് കോസ്റ്റ് റെയിൽവെ അറിയിച്ചു. ഇതിനു പുറമെ വിശാഖപട്ടണം, കൊല്ലം പ്രത്യേക സർവീസ് നീട്ടുകയും ചെയ്തു.

✪✪✪

സംസ്ഥാനത്ത് സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. പവന് 600 രൂപ വർദ്ധിച്ച് 58,400 രൂപയായി - ഗ്രാമിന് 75 രൂപ വർദ്ധിച്ച് 7,300 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

കൃഷി വിജ്ഞാൻ കേന്ദ്രവും , ലക്ഷദ്വീപ് കാർഷിക വകുപ്പും സംയുക്തമായി നടത്തുന്ന ലക്ഷദ്വീപ് നാളീകേരോൽസവം കവരത്തി ദ്വീപിൽ സമാപിച്ചു.

ലക്ഷദ്വീപിലെ മികച്ച ഓയിൽ മിൽ സ്ഥാപനങ്ങൾ, സ്റ്റാളുകൾ, ഫുഡ് റസിപ്പി ഉൾപ്പെടെ മത്സര വിജയികളെ ചടങ്ങിൽ ആദരിച്ചു.

✪✪✪

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് ശംഖുമുഖം-കണ്ണാന്തുറ-കൊച്ചുവേളി റോഡിൽ ഇന്ന് വൈകിട്ട് നാലു മുതൽ രാത്രി 10 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നാളെ രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് മൂന്ന് വരെയും ഗതാഗത നിയന്ത്രണം ഉണ്ടാകും.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കൊച്ചിയിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ സർവീസ് ഇന്നാരംഭിക്കും.

ചൊവ്വ, ശനി ദിവസങ്ങളിൽ രാവിലെ 7:15-ന് പുറപ്പെട്ട് 8:05ന് കൊച്ചിയിലെത്തുന്ന രീതിയിലാണ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കൊച്ചിയിൽ നിന്ന് തിങ്കൾ, വെള്ളി ദിവസങ്ങളിൽ രാത്രി 11 മണിക്ക് പുറപ്പെടുന്ന വിമാനം 11:50-ന് തിരുവനന്തപുരത്തെത്തും.

✪✪✪